(സി) വിദ്യാഭ്യാസയോഗ്യത ഒന്നുതന്നെയാണ്. എന്നാൽ ഓരോ വിഭാഗത്തിലും പ്രത്യേകമായാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്..

(ഡി) എ.പി. ബറ്റാലിയൻ ഡെപ്യൂട്ടി കമാണ്ടന്റ്വരെ എ.ആർ.വിഭാഗ-ഡെപ്യൂട്ടി കമാണ്ടന്റ് വരെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗം- പോലീസ് സൂപ്രണ്ട് (നോൺ.ഐ.പി.എസ്. വരെ.)

(ഇ) ഓരോ വിഭാഗത്തിലേക്കും പ്രത്യേകം പ്രത്യേകം നിയമനം നടത്തുന്നതുകൊണ്ടും ജോലിയുടെ സ്വഭാവത്തിൽ ഗണ്യമായ വ്യത്യാസമുള്ളതിനാലും വിവിധ വിഭാഗങ്ങളുടെ പ്രമോഷൻ സാധ്യതയെ താരതമ്യപ്പെടുത്തുവാൻ ആവില്ല.

50 (68) പോലീസ്/എക്സൈസ് വകുപ്പുകളിലെ അഴിമതി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് - എക്സൈസ് വകുപ്പുകളിലെ ജീവനക്കാരുടേയും ഉദ്യോഗസ്ഥൻമാരുടേയും അഴിമതിയേയും അനധികൃതസ്വത്ത് സമ്പാദ്യത്തേയും പറ്റി കല്ലുവാതുക്കൽ മദ്യദുരന്തത്തെപ്പറ്റി അന്വേഷിച്ച പ്രത്യേക പോലീസ് സംഘത്തിന് എന്തെങ്കിലും വിവരം ലഭിച്ചുവോ;

(ബി) എങ്കിൽ പ്രസ്തുത വിവരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

51 (69) പോലീസ് വകുപ്പിൽ വിദേശരാജ്യം സന്ദർശിച്ചവർ

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിലെ എത്രപേർ വിദേശ രാഷ്ട്രങ്ങൾ സന്ദർശിച്ചു; അവർ ആരെല്ലാമാണ്;

(ബി) ഇവർ ഓരോരുത്തരും ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് വിദേശയാത്ര നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക സന്ദർശനത്തിനായി പോയ ഉദ്യോഗസ്ഥൻമാർക്ക് എന്ത് തുക ചെലവായി എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18 പേർ വിദേശ രാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്. (സ്വകാര്യ സന്ദർശനം ഒഴികെ) അവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മേൽപ്പറഞ്ഞ 18 പേരും ഔദ്യോഗിക ആവശ്യങ്ങൾക്കായിട്ടാണ് വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളത്.

(സി) 2,36,229/- രൂപ ചെലവായിട്ടുണ്ട്.

52 (70) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്ക് കേന്ദ്രമായ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ആവശ്യമായ സ്റ്റാഫില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരെയും ആവശ്യത്തിന് പോലീസ് കോൺസ്റ്റബിൾമാരെയും നിയമിക്കാൻ നടപടിയെടുക്കുമോ;

(സി) കൊയിലാണ്ടിയിൽ ട്രാഫിക് പോലീസ് സംവിധാനം നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) നടപടി സ്വീകരിച്ചുവരുന്നു.

53 (71) സർവ്വീസിൽ നിന്നും നീക്കം ചെയ്ത നടപടി

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കുളക്കാട് മുപ്പിരിയിൽ വീട്ടിൽ എം.കെ. ദിവാകരൻ എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ പോലീസ് കോൺസ്റ്റബിളായി (നം. ഇ. 957) ജോലി നോക്കി വരവെ 22-11-1966-ൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുണ്ടായ സാഹചര്യവും കാരണങ്ങളും വിശദമാക്കാമോ;

(ബി) അദ്ദേഹത്തിന് പരമാവധി ശിക്ഷയായ സർവ്വീസിൽ നിന്നും പിരിച്ചുവിടൽ നൽകിയത് ഉചിതമായിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(സി) സർവ്വീസിൽ നിന്നും പിരിച്ചുവിട്ട അദ്ദേഹത്തിന് സർക്കാരിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിരുന്നോ; എങ്കിൽ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

---

* അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

		02- നരിക്കോട്ടുമല	പൂവൻ ചന്ദ്രൻ (ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)
		03- സെൻട്രൽ പൊയിലൂർ	എം.പി. കുഞ്ഞിരാമൻ (ജനതാദൾ (സെക്കുലർ)
		04- വിളക്കോട്ടൂർ ഈസ്റ്റ്	വയലിൽ കല്ലു (ഇൻഡ്യൻ നാഷണൽ കോൺഗ്രസ്)
		05. വിളിക്കോട്ടൂർ	കുഞ്ഞിപ്പറമ്പത്ത് അഹമ്മദ് (ഇൻഡ്യൻ നാഷണൽ കോൺഗ്രസ്)
		14. പൊയിലൂർ	ചീളിയിൽ ഷാജ (ജനതാദൾ (സെക്കുലർ)
13	ജി 66 പാട്യം ഗ്രാമപഞ്ചായത്ത്	08.പൂവത്തൂർ	ചിറ്റാറൊൻ ജയന്തി (ഇൻഡ്യൻ നാഷണൽ കോൺഗ്രസ്)
		09. കണ്ണവം കോളനി	മമ്മാലി ദിവാകരൻ (ഇൻഡ്യൻ നാഷണൽ കോൺഗ്രസ്)

അനുബന്ധം XIX

18.12.2000 -ലെ നക്ഷത്രചിഹ്നമിടാത്ത 51(69)-ാംനമ്പർ ചോദ്യം
ദയവായി കാണുക

1. ശ്രീ. എസ്. അനന്തകൃഷ്ണൻ ഐ.പി.എസ്., പോലീസ് സൂപ്രണ്ട്, തൃശൂർ.
2. ശ്രീ. റ്റി.കെ. വിനോദ് കുമാർ, ഐ.പി.എസ്., പോലീസ് സൂപ്രണ്ട്, കോട്ടയം.
3. ശ്രീ. നിതിൻ അഗർവാൾ, ഐ.പി.എസ്, പോലീസ് സൂപ്രണ്ട് (കേരള ഗവർണറുടെ എ.ഡി.സി.ആയിരുന്നപ്പോൾ)
4. ശ്രീ. ഷെയ്ക്ക് ദർവേശ് സാഹിബ് ഐ.പി.എസ്, പോലീസ് സൂപ്രണ്ട്, പാലക്കാട്.
5. ശ്രീ. സഞ്ജീവ് കുമാർ പട്ജോഷി, ഐ.പി.എസ്, പോലീസ് സൂപ്രണ്ട് (കേരള ഗവർണറുടെ എ.ഡി.സി.ആയിരുന്നപ്പോൾ)
6. ശ്രീ. ജി. ജനാർദ്ദനൻ നായർ , പോലീസ് സൂപ്രണ്ട്, സി.ബി.സി.ഐ.ഡി. കൊല്ലം.
7. ശ്രീ. ഷെയ്ക്ക് അൻവറുദ്ദീൻ സാഹിബ്, ഡി.വൈ.എസ്.പി., നാർകോട്ടിക് സെൽ, പത്തനംതിട്ട.
8. ശ്രീ. എ. മുഹമ്മദ് ബഷീർ ,എസ്.ബി. ഇൻസ്പെക്ടർ, കൊല്ലം.
9. ശ്രീ. പി.സി. രാമചന്ദ്രൻ നായർ, സർക്കിൾ ഇൻസ്പെക്ടർ, കടയ്ക്കൽ.
10. ശ്രീ. എസ്. ഷാജഹാൻ ഫിറോസ്, സർക്കിൾ ഇൻസ്പെക്ടർ, ശാസ്താംകോട്ട.
11. ശ്രീ. കെ. വിജയൻ, സർക്കിൾ ഇൻസ്പെക്ടർ, ചവറ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. ജി. സോമശേഖരൻ, സർക്കിൾ ഇൻസ്പെക്ടർ, കൺട്രോൾ റൂം,തിരുവനന്തപുരം.
13. ശ്രീ. പി. വാസുദേവൻ നായർ , സർക്കിൾ ഇൻസ്പെക്ടർ, മ്യൂസിയം.
14. ശ്രീമതി ബി. സന്ധ്യ ഐ.പി.എസ്. എ.ഐ.ജി. പോലീസ് ഹെഡ്ക്വാർട്ടേഴ്സ്(കൊല്ലം എസ്.പി. ആയിരുന്നപ്പോൾ)
15. ശ്രീ. സിറിൽ സി. വെല്ലൂർ. എ.സി, കെ.എ.പി. 1 ബറ്റാലിയൻ, തൃശൂർ.
16. ശ്രീ. എൻ. അബുബേക്കർ, എ.സി, ഡി.സി. ആർ.ബി, കോഴിക്കോട് സിറ്റി.
17. ശ്രീ. ആന്റണി റെയ്നോൾഡ്, പി.ആർ.ഒ. എസ്.ബി.സി.ഐ. ഡി.
18. ശ്രീ. ഡി. മധു. സി.ഐ, പി.റ്റി. സി.

അനുബന്ധം XX

18.12.2000 -ലെ നക്ഷത്രചിഹ്നമിടാത്ത 70(88)-ാംനമ്പർ ചോദ്യം
ദയവായി കാണുക

ജില്ല	സംഘട്ടനങ്ങൾ (20.5.96 മുതൽ 8.12.2000 വരെ)	രാഷ്ട്രീയ സംഘട്ടനങ്ങൾ (20.5.96 മുതൽ 30.11.00 വരെ)	വർഗ്ഗീയ സംഘട്ടനങ്ങൾ 20.5. 96 മുതൽ 30.11.00 വരെ)	കൊലപാതകം (20.5.96 മുതൽ 8.12.2000 വരെ)	രാഷ്ട്രീയ കൊലപാതകം(20.5.96 മുതൽ 10.12.00 വരെ)
തിരുവനന്തപുരം	3577	244	-	238	3
കൊല്ലം	1442	152	-	218	3
പത്തനംതിട്ട	737	87	-	116	3
ആലപ്പുഴ	3349	318	-	94	2
കോട്ടയം	796	175	-	131	3
ഇടുക്കി	832	192	-	168	-
എറണാകുളം	1312	51	1	177	-
തൃശൂർ	1987	394	-	175	6
പാലക്കാട്	2543	372	2	177	2
മലപ്പുറം	1080	292	3	149	1
കോഴിക്കോട്	2808	677	2	102	5
വയനാട്	32	60	-	81	-
കണ്ണൂർ	4159	1162	3	148	27
കാസർകോട്	2419	797	10	84	8
ആകെ	27073	4973	21	2058	63

LIBRARY ARCHIVES Kerala Legislative Assembly